<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2322</u> <u>06-07-2022 - ൽ മറുപടിയ്ക്ക്</u>

<u>ലഹരി വിമുക്ത കേരളം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി മരുന്നുകളുടെ കടത്തും ഉപഭോഗവും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കണ്ടെടുക്കുന്ന കേസുകളുടെ എണ്ണവും പിടിച്ചെടുക്കുന്ന മയക്കുമരുന്നിന്റെ അളവും പരിശോധിച്ചതിൽ നേരിയ വർദ്ധനവ് ഉണ്ട്. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഹരിക്കടത്തുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ആണ് എടുത്തിട്ടുള്ളത്; എത്രപേർ അറസ്റ്റിലായി; ഏതൊക്കെ ലഹരി മരുന്ന് സാധനങ്ങൾ ആണ് പിടിച്ചെടുത്തത്; | (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 01.06.2021 മുതൽ 27.06.2022 വരെ ലഹരി കടത്തുമായി ബന്ധപ്പെട്ട് 4486 NDPS കേസുകൾ രജിസ്റ്റർ ചെയ്യുകയും 4431 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. 5376 കിലോഗ്രാം ഗഞ്ചാവ്, 537 ഗഞ്ചാവ് ചെടികൾ, 27871 ഗ്രാം ഹാഷിഷ്, 36.8 ഗ്രാം ബ്രൗൺഷുഗർ, 34.9 ഗ്രാം ഹെറോയിൻ, 9606 ഗ്രാം എം.ഡി.എം.എ., 20.3 ഗ്രാം എൽ.എസ്.ഡി. സ്റ്റാമ്പ്, 306 ഗ്രാം മെത്താഫെറ്റാമിൻ, 1325 ഗ്രാം നാർക്കോട്ടിക് ഗുളികകൾ, 10 ഇൻജക്ഷൻ ആംപ്യൂൾസ് എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട മുഴുവൻപേരെയും നിയമത്തിന് മുൻപിൽ കൊണ്ടുവരാനും അർഹിച്ച ശിക്ഷ വാങ്ങി നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (സി) | ലഹരി മരുന്നുകളുടെ കടത്തുമായി ബന്ധപ്പെട്ട മുഴുവൻ പേരെയും നിയമത്തിന് മുൻപിൽ കൊണ്ടുവരാനും, അർഹിച്ച ശിക്ഷ വാങ്ങി നൽകുന്നതിനും ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ടുപിടിച്ച കേസുകൾ എൻഫോഴ്സ്മെന്റ് വിഭാഗവും പ്രാധാന്യമുള്ള കേസുകൾ എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗവും വിശദമായ അന്വേഷണം നടത്തി ഡിജിറ്റൽ തെളിവുകളും മറ്റുള്ള തെളിവുകളും പരമാവധി ശേഖരിച്ച് കാര്യക്ഷമമായി അന്വേഷണം നടത്തി സമയബന്ധിതമായി കോടതികളിൽ കുറ്റപത്രം സമർപ്പിച്ച് പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നു. |
| (ഡി) | ലഹരി വിമുക്ത കേരളത്തിനായി സർക്കാർ ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ? | (ഡി) | കേരളീയ സമൂഹത്തിൽ മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നിന്റെയും, പുകയില ഉൽപ്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം |

സാക്ഷാത്ക്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷൻ മുഖേന വിവിധ വകുപ്പുകളെയും സംഘടനകളെയും ഏകോപിപ്പിച്ച് ഫലപ്രദമായ രീതിയിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

സ്കൂൾ/കോളേജ് തലത്തിലെ പ്രവർത്തനങ്ങൾക്കായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ ഉണർവ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കേരളത്തിലെ ആദിവാസി മേഖലകളിൽ വിമുക്തിയുടെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ടി മേഖലകളിൽ കരിയർ ഗൈഡൻസ് ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ, കലാകായിക പരിപാടികൾ എന്നീ പ്രവർത്തനങ്ങളിലൂടെ ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന ക്യാമ്പസുകളിൽ 'നേർക്കൂട്ടം', ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്നീ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിച്ച് ലഹരിക്കെതിരെയുള്ള സന്ദേശം പ്രചരിപ്പിക്കുന്നുണ്ട്. മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെട്ട ചെറുപ്പക്കാർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസിലിംഗും ചികിത്സയും നൽകി വരുന്നു. ജില്ലകളിൽ സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസിലിംഗ് ലഭ്യമാക്കുന്നതിന് സൈക്കോളജി, സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം നൽകി കൗൺസിലിംഗ് സേവനം ലഭ്യമാക്കി വരുന്നുണ്ട്. ബോധവൽക്കരണത്തോടൊപ്പം തന്നെ ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡി-അഡിക്ഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മേഖല കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ